പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1339

03.10.2016 - ൽ
മറുപടിയ്ക്ക്

# റെയിൽവേ യാത്രയുടെ സുരക്ഷിതത്വം

ചോദ്യം | മറുപടി

ശ്രീ.പി.കെ. ശശി

ശ്രീ. പിണറായി വിജയൻ
(മുഖ്യമന്ത്രി)

(എ) സംസ്ഥാനത്ത് പൊതുജനങ്ങൾ ഏറ്റവും കൂടുതൽ ആശ്രയിക്കുന്ന റെയിൽവേ യാത്ര ആഭ്യന്തര വകുപ്പിന്റെ സുരക്ഷിതത്വം ഇല്ലാത്തതുമൂലം വനിതായാത്രികർ, കുട്ടികൾ, വൃദ്ധർ എന്നിവർക്ക് കഴിഞ്ഞ അഞ്ച് വർഷക്കാലം സുരക്ഷിതമായ യാത്ര ഉറപ്പില്ലാതിരുന്നതും അതുമൂലം മോഷണം, പിടിച്ചുപറി, ആക്രമണങ്ങളും അതിന്റെ ഭാഗമായി സംഭവിച്ചിരുന്ന മരണങ്ങളും ഉണ്ടായത് ഈ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ കഴിഞ്ഞ അഞ്ച് വർഷത്തിൽ ഇവ സംബന്ധിച്ച് ആഭ്യന്തര വകുപ്പിൻ കീഴിൽ രജിസ്റ്റർ ചെയ്യപ്പെട്ട കേസ്സുകളുടെ കണക്കുകൾ ലഭ്യമാക്കുമോ ;

(എ) & (ബി) 2011 മുതൽ 2015 വരെയുള്ള കാലയളവിൽ സംസ്ഥാന റെയിൽവേ പോലീസ് രജിസ്റ്റർ ചെയ്ത കേസുകളുടെ വിവരം ചുവടെ ചേർക്കുന്നു:

| വർഷം | മോഷണം (Ordinary & HB) | പിടിച്ചുപറി | ആക്രമണം (Hurt, Riots, Attempt to murder, Culpable Homicide etc.) | ആക്രമണം മൂലമുള്ള മരണം |
|---|---|---|---|---|
| 2011 | 248 | 2 | 39 | 0 |
| 2012 | 201 | 3 | 49 | |
| 2013 | 231 | 3 | 37 | 2 |
| 2014 | 228 | 7 | 41 | 3 |
| 2015 | 196 | 11 | 28 | 1 |

(സി) ഇത്തരം ദുരന്തങ്ങൾ ഉണ്ടാകാതിരിക്കാനും റെയിൽവേ യാത്രക്കാർക്ക് പൊതുവെയും വനിതായാത്രക്കാർക്കും കുട്ടികൾക്കും വൃദ്ധർക്കും പ്രത്യേക പരിഗണന നൽകുവാനും ആഭ്യന്തര വകുപ്പ് റെയിൽവേ യുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികൾ സ്വീകരിക്കാമെന്നും വ്യക്തമാക്കുമോ ?

(സി) വനിതാ യാത്രക്കാർ ഉൾപ്പെടെയുള്ള റെയിൽവേ യാത്രക്കാർക്ക് സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിനായി റെയിൽവേ പോലീസ് പട്രോളിംഗ് ഊർജ്ജിതമാക്കിയിട്ടുണ്ട്. ഇതിനു പുറമേ വനിതാ പോലീസിന്റെ സേവനം റെയിൽവേ പോലീസിന് ലഭ്യമാക്കിയിട്ടുണ്ട്. ഇതിന് പുറമെ റെയിൽവെ അധികാരികളുമായി ബന്ധപ്പെട്ട് തത്തുല്യമായ സേവനം ആർ.പി.എഫ്-ന്റെ ഭാഗത്ത് നിന്നും ഉറപ്പാക്കുന്നതുമാണ്.

സെക്ഷൻ ഓഫീസർ